# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE:16.08.2026**

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ തമിഴ്നാട്ടിലെത്തി.
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കായി സൗജന്യ ഓൺലൈൻ പരിശീലനം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. പോലീസും ജനങ്ങളും ഒരുമിച്ചാൽ ലഹരിവിൽപ്പന സംഘങ്ങൾക്ക് വളരാനാകില്ല എന്നതിന്റെ ഉദാഹരണമാണ് ഓപ്പറേഷൻ തൂഫാൻ എന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.
4. മാലിന്യ സംസ്ക്കരണത്തിലും തെരുവുനായ ശല്യം പരിഹരിക്കുന്നതിലും തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ടുള്ള നയരൂപീകരണം അന്തിമഘട്ടത്തിലെന്ന് മന്ത്രി കെ.എം ഷാജി.
5. സംസ്ഥാനത്ത് ഓണക്കാലത്തിന്റെ വരവറിയിച്ച് തൃപ്പൂണിത്തുറ അത്തച്ചമയത്തിന് തുടക്കമായി. അത്തച്ചമയത്തിന്റെ പാരമ്പര്യം സർക്കാർ കാത്തുസൂക്ഷിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.
6. ഓസ്ട്രേലിയക്കെതിരായ ക്രിക്കറ്റ് ടെസ്റ്റിൽ ചരിത്ര വിജയം നേടി ബംഗ്ലാദേശ്. ഇന്ത്യ-ശ്രീലങ്ക ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിവസത്തെ കളി മഴ മൂലം വൈകുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## ഉപരാഷ്ട്രപതി - തമിഴ്നാട്

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി തമിഴ്നാട്ടിലെത്തി. തമിഴ്നാട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രസഹമന്ത്രി എൽ മുരുഗൻ എന്നിവർ ചേർന്ന് വിമാനത്താവളത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. ചെങ്കൽപട്ടിലെ എസ്.ആർ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ 22-ാമത് ബിരുദദാന ചടങ്ങിൽ ഇന്ന് ഉപരാഷ്ട്രപതി സംബന്ധിക്കും. നാളെ, തിരുവാരൂരിലെ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് തമിഴ്നാടിന്റെ 11-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും.

*****************************

## പ്രധാനമന്ത്രി-സൗജന്യ പരിശീലനം (ഇൻട്രോ)

RNUTVPM

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ഇടത്തരക്കാരുമായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കായി സൗജന്യ ഓൺലൈൻ പരിശീലനം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവരുടെ സാമ്പത്തിക ഭാരം കുറയ്ക്കുകയാണ് ഈ നീക്കത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. പരിശീലന ക്ലാസുകൾക്കായി ഇടത്തരക്കാരായ കുടുംബങ്ങൾ ചെലവഴിക്കുന്ന തുക ലാഭിക്കാൻ ഇതിലൂടെ കഴിയും. അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവാക്കൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ പരിശീലനം നൽകാൻ സർക്കാർ തീരുമാനിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

****************************

## രമേശ് ചെന്നിത്തല

പോലീസും ജനങ്ങളും ഒരുമിച്ചാൽ ലഹരിമാഫിയയ്ക്ക് വളരാനാകില്ല എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഓപ്പറേഷൻ തൂഫാൻ എന്ന ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ലഹരി പിടികൂടാൻ സഹായിക്കുന്ന രഹസ്യവിവരങ്ങൾ കൈമാറാൻ ജനങ്ങൾക്കുണ്ടായ ധൈര്യമാണ് തൂഫാന്റെ വിജയത്തിന് കാരണമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ വ്യക്തമാക്കി. ഓണാഘോഷത്തിന്റെ മറവിൽ ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടിയുണ്ടാകും. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് തൂഫാൻ ഐ ഉടൻ ആരംഭിക്കുമെന്നും ഈ നിരീക്ഷണസംവിധാനം വിദ്യാർത്ഥികളെ ലഹരിയിൽ നിന്ന് രക്ഷിക്കുമെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു.

****************************

## അത്തച്ചമയം - മുഖ്യമന്ത്രി (ഇൻട്രോ)

ഓണക്കാലത്തിന്റെ വരവറിയിച്ച് തൃപ്പൂണിത്തുറ അത്തച്ചമയാഘോഷത്തിന് പ്രൗഢോജ്ജ്വല തുടക്കം. അത്താഘോഷ പരിപാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി സതീശൻ നിർവഹിച്ചു. തൃപ്പൂണിത്തുറയെ പൈതൃക നഗരിയാക്കി അത്തച്ചമയത്തിന്റെ മുഴുവൻ പാരമ്പര്യത്തെയും കാത്തുസൂക്ഷിക്കാൻ സർക്കാർ തയ്യാറാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. അത്തച്ചമയം എക്കാലത്തും മതസൗഹാർദത്തിന്റെ സന്ദേശമാണ് നൽകിയതെന്നും ഇത് കാത്തുസൂക്ഷിക്കണമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

RNU TVPM

തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് നടന്ന പരിപാടിയിൽ മന്ത്രി അനൂപ് ജേക്കബ് പതാക ഉയർത്തി. നടൻ ജഗദീഷ് വിശിഷ്ടാതിഥി ആയിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി രണ്ടായിരത്തോളം കലാകാരന്മാരാണ് ഘോഷയാത്രയിൽ അണിനിരന്നത്.

****************************

## ഘോഷയാത്ര തൃപ്പൂണിത്തുറ

മാവേലി വേഷക്കാരുടെയും പുലികളി, തെയ്യം, വേലകളി, ചെണ്ടമേളം, കാവടിയാട്ടം തുടങ്ങിയ തനത് നാടൻ കലാരൂപങ്ങളുടെയും അകമ്പടിയോടെ നടന്ന അത്തച്ചമയ ഘോഷയാത്ര തൃപ്പൂണിത്തുറ നഗരത്തെ ആഘോഷത്തിലാഴ്ത്തി. ചരിത്രവും വർത്തമാനവും മതസൗഹാർദവും പ്രതിഫലിക്കുന്ന നിശ്ചല ദൃശ്യങ്ങളാണ് ഘോഷയാത്രയിൽ അണിനിരന്നത്. അത്തം നഗറിൽ നിന്ന് ആരംഭിച്ച് തൃപ്പൂണിത്തുറ പൂർണത്രയീശ ക്ഷേത്രത്തിനു മുന്നിലൂടെ വടക്കേക്കോട്ട വരെ നാല് കിലോമീറ്റർ ആണ് ഘോഷയാത്ര. രാജഭരണകാലത്ത് തൃപ്പൂണിത്തുറ ഹിൽ പാലസിൽ നിന്ന് കൊച്ചി രാജാവ് പ്രജകളെ കാണാൻ എത്തുന്ന ചടങ്ങായിരുന്നു അത്തച്ചമയം.

RNU TVPM

****************************

## മന്ത്രി കെ എം ഷാജി-കണ്ണൂർ

മാലിന്യ സംസ്ക്കരണം, തെരുവുനായ ശല്യം തുടങ്ങിയ വിഷയങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ടുള്ള നയരൂപീകരണം അന്തിമഘട്ടത്തിലാണെന്ന് മന്ത്രി കെ എം ഷാജി. കുടുംബശ്രീ, ഹരിത കർമ്മ സേന പ്രവർത്തകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കാലാനുസൃതമായ പരിഷ്കാരങ്ങൾ

കൊണ്ടുവരുമെന്നും മന്ത്രി അറിയിച്ചു. കണ്ണൂർ കോർപ്പറേഷൻ നടപ്പാക്കിയ നഗരസൗന്ദര്യവൽക്കരണത്തിന്റെയും ക്ലോക്ക് ടവറിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

****************************

## എൻ.ടി.എ - ഉത്തരസൂചിക

യു ജി സി നെറ്റ്, സി എസ് ഐ ആർ നെറ്റ്, അഖിലേന്ത്യ ഐക്കർ എൻട്രൻസ് പരീക്ഷ, പി എച്ച് ഡി പരീക്ഷ എന്നിവയുടെ പ്രൊവിഷണൽ ഉത്തരസൂചിക നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. ഉത്തരസൂചികകളിൽ പരാതിയുള്ളവർ ഈ മാസം 18 വരെ യുജിസി നെറ്റ് പോർട്ടൽ വഴി അപേക്ഷകൾ സമർപ്പിക്കാം. ഏജൻസിയിൽ നിന്നുള്ള ഔദ്യോഗിക അറിയിപ്പുകൾ മാത്രമേ പരിഗണിക്കാവൂ എന്നും ഫലം വെബ്സൈറ്റിലാകും ലഭ്യമാകുക എന്നും എൻ ടി എ അറിയിച്ചു.

****************************

## വാജ്പേയി-പുഷ്പാഞ്ജലി

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ചരമദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ പുഷ്പാഞ്ജലി അർപ്പിച്ചു. ന്യൂഡൽഹിയിലെ 'സദൈവ് അടൽ' സ്മാരകത്തിൽ നടന്ന ചടങ്ങിൽ ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉൾപ്പെടെയുള്ളവർ സന്നിഹിതരായി.

****************************

## ഓണം : സൈക്കിൾ റാലി

RNU TVPM

സംസ്ഥാന സർക്കാറിന്റെ ഓണം വാരാഘോഷത്തിന്റെ പ്രചരണാർത്ഥം വിനോദസഞ്ചാര വകുപ്പ് തിരുവനന്തപുരത്ത് സൈക്കിൾ റാലി സംഘടിപ്പിച്ചു. മാനവീയം വീഥിയിൽ എം ആർ ബൈജു എം എൽ എ റാലി ഫ്ലാഗ് ഓഫ് ചെയ്തു. ജനപ്രതിനിധികളും കായികതാരങ്ങളും ഉൾപ്പെടെ നിരവധി പേർ റാലിയുടെ ഭാഗമായി.

****************************

## ബിന്ദു കൃഷ്ണ

സപ്ലൈകോ ഓണം ഫെയറിന്റെ കൊല്ലം ജില്ലാ തല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവ്വഹിച്ചു. സാധാരണക്കാരുടെ ഓണാഘോഷത്തിനോടുള്ള കരുതലാണ് സപ്ലൈകോ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലൂടെ വിപണിയിൽ സർക്കാർ നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു.

RNU TVPM

****************************

## കണ്ണൂർ-ഓണച്ചന്ത

സംസ്ഥാന സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് നടത്തുന്ന ജില്ലാതല ഓണച്ചന്ത കണ്ണൂർ ചൊവ്വയിൽ മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് സർക്കാർ സബ്സിഡിയോടെ കൺസ്യൂമർ ഫെഡ്ഡിന്റെ ഓണച്ചന്തയിലൂടെ നൽകുന്നത്. പൊതുവിപണിയെക്കാൾ 30 മുതൽ 50 ശതമാനം വരെ വിലക്കുറവുണ്ട്.

****************************

## കാസർഗോഡ് - ഓണം വിപണി

കൺസ്യൂമർഫെഡ് സംഘടിപ്പിക്കുന്ന സഹകരണ ഓണം വിപണി 2026 ന്റെ കാസർഗോഡ് ജില്ലാതല ഉദ്ഘാടനം മന്ത്രി

കെ.എം ഷാജി നിർവഹിച്ചു. നിത്യോപയോഗ സാധനങ്ങൾ ന്യായവിലയിൽ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സഹകരണ മേഖലയുടെ വിപണി ഇടപെടലുകൾ വലിയ പങ്കാണ് വഹിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

****************************

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ നഗരത്തിലും പരിസരപ്രദേശങ്ങളിലും ഓണക്കാലത്തെ ഗതാഗതക്കുരുക്കും ക്രമസമാധാന പ്രശ്നങ്ങളും ഒഴിവാക്കാൻ സമഗ്രമായ ട്രാഫിക് മാനേജ്മെന്റ് പ്ലാൻ നടപ്പിൽ വരുത്താൻ തീരുമാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ...**

(വോയിസ്)

RNUTVPM

****************************

## ബംഗ്ലാദേശ് - ഓസ്ട്രേലിയ ടെസ്റ്റ്

ഡാർവിനിൽ നടന്ന ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയക്കെതിരെ ഒമ്പത് വിക്കറ്റിന്റെ ചരിത്ര വിജയം നേടി ബംഗ്ലാദേശ്. ഓസ്ട്രേലിയയിൽ ബംഗ്ലാദേശിന്റെ ആദ്യ ടെസ്റ്റ് വിജയമാണിത്. നാലാം ദിവസം രണ്ടാം ഇന്നിംഗ്സിൽ ഓസ്ട്രേലിയ 284 റൺസിന് പുറത്തായി. വിജയലക്ഷ്യമായ 57 റൺസ് ഒരു വിക്കറ്റ് മാത്രം നഷ്ടത്തിൽ ബംഗ്ലാദേശ് മറികടന്നു.

****************************

## ടെസ്റ്റ് ക്രിക്കറ്റ്

ഗാലെയിൽ ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ഒന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിവസത്തെ കളി മഴ മൂലം വൈകുന്നു. ടോസ് നേടി ബാറ്റ് ചെയ്യുന്ന ഇന്ത്യ ആദ്യ ദിവസം കളി നിർത്തുമ്പോൾ രണ്ട് വിക്കറ്റിന് 288 റൺസ് എന്ന നിലയിലാണ്.

****************************

## ചെസ്സ്

എസ്പോർട്സ് ലോകകപ്പ് ചെസ്സ് കിരീടം മാഗ്നസ് കാൾസണ്. ഫ്രാൻസിലെ പാരീസിൽ നടന്ന മത്സരത്തിൽ ബെലാറഷ്യൻ താരം ഡെനിസ് ലസാവികിനെ 2-0 എന്ന സ്കോറിനാണ് കാൾസൺ പരാജയപ്പെടുത്തിയത്. തുടർച്ചയായി രണ്ടാം തവണയാണ് കാൾസൺ എസ്പോർട്സ് കിരീടം സ്വന്തമാക്കുന്നത്.

RNU TVPM

****************************

## തീപിടുത്തം - പട്ടം

തിരുവനന്തപുരത്ത് പട്ടം പ്ലാമൂട്ടിൽ ഫർണിച്ചർ കടയ്ക്ക് തീപിടിച്ചു. തീ അണയ്ക്കാനുള്ള ശ്രമം പുരോഗമിക്കുന്നു. നാല് അഗ്നിശമന സേനാ യൂണിറ്റുകളാണ് നിലവിൽ സംഭവ സ്ഥലത്തുള്ളത്.

****************************

## ശബരിമല

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും. തന്ത്രി കണ്ഠര് ബ്രഹ്മദത്തന്റെ നേതൃത്വത്തിലാണ് ചടങ്ങുകൾ നടക്കുക. നാളെയാണ് പമ്പാ മേൽശാന്തിമാരുടെ നറുക്കെടുപ്പ്. ചിങ്ങമാസ പൂജ

പൂർത്തിയാക്കി 21ന് അടയ്ക്കുന്ന നട ഓണ പൂജകൾക്കായി ഈ മാസം 24 ന് വീണ്ടും തുറക്കും.

****************************

## ഫ്രഷ് കട്ട്

താമരശേരി അമ്പായത്തോട്ടെ ഫ്രഷ് കട്ട് അറവു മാലിന്യ കേന്ദ്രവുമായി ബന്ധപ്പെട്ട വിഷയത്തിൽ ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി മാധ്യമങ്ങളോട് പറഞ്ഞു. പരിഹാരത്തിനായി എംഎൽഎമാർ പരിശ്രമിക്കുന്നുണ്ടെന്നും സർക്കാർ പിന്തുണ നൽകുമെന്നും മന്ത്രി പറഞ്ഞു.

*

***************

****************************************

RNU TVPM